ശ്രീ. ആർ. ശങ്കർ : ഇങ്ങനെയുള്ള കാര്യങ്ങളിൽ മനഃപൂർവ്വമായി കാലതാമസം വരുത്തുന്നതു് വലിയ അഴിമതിയായിട്ടാണു് ഗവണ്മെൻറു് പരിഗണിക്കുന്നതു്. ഇങ്ങനെ ഏതെങ്കിലും ഉദ്യോഗസ്ഥൻ കാലതാമസം വരുത്തിയെന്നു കണ്ടാൽ അയാളുടെ പേരിൽ കാര്യമായി നടപടികളും എടുക്കുന്നതാണു്.

ശ്രീ. പി. ഗോപാലൻ : തളിപ്പറമ്പു് സബ്കോർട്ടിലെ ഇൻസ്പെക്ടറുടെ അധികാരപരിധിയിൽപ്പെട്ടിട്ടുള്ള തളിപ്പറമ്പു് തമ്പായി സ്ത്രീയുടെ മരണം അതുപോലെതന്നെ കോരൻ ഇവരുടെയെല്ലാം മരണം കഴിഞ്ഞ ഡിസംബർ മാസത്തിൽ നടന്നതാണു്. ഇങ്ങനെ തുടർച്ചയായി അന്വേഷണം നടത്തി തെളിവില്ലെന്നു പറഞ്ഞു് കേസ്സു് ചാർജ്ജു് ചെയ്യാതെ മൂന്നു കേസ്സുകളും ഇപ്പോൾ തളിപ്പറമ്പു് സബ്കോർട്ടിലെ ഇൻസ്പെക്ടറുടെ കീഴിലുണ്ടെന്നു വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഇപ്പോൾ ശ്രദ്ധയിൽപ്പെട്ടു.

ഹോം നഴ്സിംഗ് പരിശീലനം.

* 693. [19] ശ്രീ. പി. അബ്ദുൽ മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽവകുപ്പിന്റെ കീഴിൽ ഹോം നഴ്സിംഗ് പരിശീലനം നൽകുന്നുണ്ടോ ;

(ബി) ഈ പരിശീലനത്തിനു തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം :

(സി) ഈ പരിശീലനം ലഭിച്ചവർ എത്രയുണ്ടു് ;

(ഡി) ഇവർക്കു് ഗവണ്മെൻറു് നിയമനം നൽകുന്നുണ്ടോ ;

(ഈ) പരിശീലനകാലത്തു് ഇവർക്കു് വല്ല അലവൻസും നൽകുന്നുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ടു്.

(ബി) മലയാളത്തിൽ എഴുതുവാനും വായിക്കാനുമുള്ള കഴിവു്. പ്രായം 18 വയസ്സിനുമേൽ.

(സി) 2203.

(ഡി) ഇല്ല.

(ഈ) ഇല്ല.

കുറ്റ്യാടി പദ്ധതിയുടെ ജലസംഭരണ പ്രദേശം കൃഷിക്കു കൊടുക്കുവാനുള്ള പദ്ധതി

* 694. [21] ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനപദ്ധതി നടപ്പിൽവരുത്തുമ്പോൾ ക്യാച്ചുമെൻറു് ഏരിയായിൽപ്പെട്ട പ്രദേശങ്ങൾ ഓരോ കൊല്ലത്തേക്കു് താൽക്കാലികകൃഷിക്കു വേണ്ടി നൽകുന്നതു് ക്ഷീരോൽപ്പാദനവർദ്ധനയ്ക്കു് സഹായമാവുകയില്ലേ ;

(ബി) കുറ്റ്യാടി ജലസേചനപദ്ധതി പൂർത്തിയാകുന്നതുവരെ ആ പദ്ധതിയുടെ ജലസംഭരണപ്രദേശവും ക്യാച്ചുമെൻറു് ഏരിയായും ഓരോകൊല്ലത്തേക്കു് കൃഷിക്കു് കൊടുക്കുവാനുള്ള ഒരു പദ്ധതിയെപ്പറ്റി ആലോചിക്കുവാൻ യെവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ, ബി) ജലസംഭരണപദ്ധതികളുടെ ക്യാച്ച്മെൻറ് ഏരിയായിലും ജലസംഭരണ പ്രദേശത്തും കൃഷിചെയ്യുവാൻ നിവൃത്തിയില്ല. കൃഷിക്ക് അനുവദിച്ചാൽ മണ്ണൊലിപ്പുവീണ് അണക്കെട്ടുകളെ കൊണ്ടുള്ള പ്രയോജനം കുറയുമെന്നുള്ളതുകൊണ്ട് ഈ നിർദ്ദേശം സ്വീകരിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: റിസർവ്വ് ഫോറസ്റ്റിനു പ്രദേശങ്ങളോടു പോലെയുള്ള പ്രദേശങ്ങളിൽ പദ്ധതി പൂർത്തിയാകുന്നതുവരെയെങ്കിലും കൃഷി ചെയ്യാൻ അനുവാദം കൊടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : പദ്ധതി പ്രദേശത്തു് ക്യാച്ച്മെൻറ് ഏരിയായിൽ അങ്ങനെ കൊടുക്കുന്നതിനു ബുദ്ധിമുട്ടുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: ക്യാച്ച്മെൻറ് ഏരിയ എന്നു പറയുന്നതും സബ്മെർജബിൾ ഏരിയാ എന്നു പറയുന്നതുംതമ്മിൽഎന്തു വ്യത്യാസമാണു്? ക്യാച്ച്മെൻറ് ഏരിയായിൽ ജലസേചനപദ്ധതികളുടെ കിടപ്പനുസരിച്ചു് വല്ല വ്യത്യാസവുമുണ്ടോ ; മലമ്പുഴ അണക്കെട്ടിനെ സംബന്ധിച്ചിടത്തോളം ക്യാച്ച്മെൻറേരിയായിൽ ഒരു ചതുരശ്ര മൈലിനു വരുമ്പോൾ മറ്റു സ്ഥലങ്ങളിൽ ക്യാച്ച്മെൻറ് ഏരിയായിൽ പതിനായിരക്കണക്കിനായിട്ടുള്ള ഏക്കർ വേണമെന്നുള്ള നിഗമനത്തിൽ എത്താൻ എന്താണുകാരണം.?

ശ്രീ. ഇ. പി. പൗലോസ് : സബ്മെർജബിൾ ഏരിയ എന്നു പറയുന്നതു് മുങ്ങിപ്പോകുന്നതു് ആണു്. മെമ്പർ മലമ്പുഴയിൽ 1 ചെയിൻ എന്നു പറയുന്നതു് തെറ്റാണു്. അവിടെ 10 ചെയിനാണു്. അവിടെ ചീഫ് ഇൻജിനീയറും, ഫോറസ്റ്റും കൺസർവേറ്ററും, അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറുമെല്ലാംകൂടി ആലോചിച്ചു് ആദ്യമുണ്ടായിരുന്ന 5 ചെയിൻ പോരാ 10 ചെയിൻ വേണമെന്നു് തീരുമാനംചെയ്തു. ബാക്കിയുള്ള സ്ഥലത്തു് അല്പം വ്യത്യാസമുണ്ടു്. പൊതുവെ ക്യാച്ച്മെൻറ് ഏരിയായിൽ പദ്ധതി ആരംഭിച്ചുകഴിഞ്ഞാൽ പിന്നെ കൃഷി ചെയ്യുന്ന കാര്യം നിരുത്സാഹപ്പെടുകയാണു് ചെയ്യുന്നതു്.

ശ്രീ. ഇ. പി. ഗോപാലൻ; പാലക്കാട്ടു പ്രദേശത്തു് ക്യാച്ച്മെൻറ് ഏരിയ 15 ചെയിൻ മതി എന്നാണെങ്കിൽ മറ്റു പ്രദേശങ്ങളിൽ പതിനായിരക്കണക്കിനു് വേണമെന്നുള്ളതു് സംശയകരമായിട്ടാണിരിക്കുന്നതു് ആ നിലയ്ക്കു് വിദഗ്ദ്ധോപദേശം ഒന്നുകൂടി പരിശോധിക്കാൻ തയ്യാറുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ബഹുമാനപ്പെട്ട മെമ്പർ പറയുന്നതിൽ വലിയ ഒരു തെറ്റിദ്ധാരണയുണ്ടു്. ക്യാച്ച്മെൻറ് ഏരിയ എന്നു പറഞ്ഞാൽ മഴ പെയ്തു വീഴുന്ന വെള്ളം അരുവിയായിട്ടു് ഏതു നദിയിൽ ചെല്ലുമോ ആ നദിയുടെ ചുറ്റുമുള്ള പ്രദേശങ്ങളാണു്. ഇതു് ചിലപ്പോൾ 50 മൈൽ ദൂരമായിരിക്കും. എന്നാൽ സബ്മെർജബിൾ ഏരിയ എന്നുപറഞ്ഞാൽ അണക്കെട്ടോ മറ്റോ പൊട്ടിയാൽ വെള്ളം കയറി മുങ്ങിപ്പോകുന്ന സ്ഥലങ്ങളാണു്. അതിനടുത്തു് 10 ചെയിൻ സ്ഥലം അധികം കൺസർവ്വ് ചെയ്യണമെന്നുള്ളതാണു് തീരുമാനം. അല്ലാതെ ക്യാച്ച്മെൻറ് ഏരിയാക്കു് പ്രത്യേക തീരുമാനമൊന്നുമില്ല.

ശ്രീ. ഇ. പി. ഗോപാലൻ : പാലക്കാട്ടു് മലമ്പുഴ അണക്കെട്ടിൻറെ തൊട്ടുവടക്കു ഭാഗത്തു് മുഴുവൻ കുന്നിൻ പ്രദേശമാണു്. അവിടം സബ്മെർജബിൾ ഏരിയ ആകാൻ നിവൃത്തിമില്ല. ഇങ്ങനെയുള്ള പ്രദേശത്താണു് 10 ചെയിൻ വിട്ടു് കൃഷി ചെയ്യാമെന്ന വിദഗ്ദ്ധോപദേശം വന്നിട്ടുള്ളതു്. ഇതു് ഇതുപോലെയുള്ള മറ്റു അണക്കെട്ടുകളുടെ പ്രദേശത്തും ബാധകമാണോ ?

ശ്രീ. ഇ. പി. പൗലോസ്: ക്യാച്ച്മെൻറ് ഏരിയ എന്നുള്ള അടിസ്ഥാനത്തിലല്ല. സബ്മെർജബിൾ ഏരിയായിൽ അണക്കെട്ടുണ്ടായാൽ അതിൻറെ വാട്ടർ ലെവൽ നിശ്ചയിച്ചു് അതിൽനിന്നും 10 ചെയിൻ ദൂരെയാണു് കൃഷി ചെയ്യുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ ; അണക്കെട്ടിനെ സംബന്ധിച്ചിടത്തോളം ക്യാച്ച്മെൻറ് ഏരിയാക്കു 10 ചെയിൻ എന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു ?

ശ്രീ. ഈ. പി. പൗലോസ് : ക്യാച്ച്മെൻറ് ഏരിയ എന്നുള്ള അടിസ്ഥാനത്തിലല്ല 10 ചെയിൻ നിശ്ചയിച്ചിട്ടുള്ളതു. മലമ്പുഴ അണക്കെട്ടിൻെറ കാര്യം വിദഗ്ദ്ധന്മാരുമായി ആലോചിച്ചു 5 ചെയിൻ മുമ്പുണ്ടായിരുന്നതു പോരാ 10 ചെയിൻ വേണമെന്നു തീരുമാനിച്ചു. വാട്ടർ ലവലിൽ നിന്നും മുകളിലേക്കു 10 ചെയിൻവീട്ടു എന്നാണു തീരുമാനിച്ചിട്ടുള്ളതു.

ശ്രീ. പി. ബാലചന്ദ്രമേനോൻ ; റബ്ബർ മരങ്ങളുടെ ചുവടു് പല പ്രാവശ്യം ഇളക്കണമെന്നുള്ളതുകൊണ്ടു് അവിടെ കൃഷിക്കു ദോഷമുണ്ടാകുന്നുണ്ടെന്നു മനസ്സിലാക്കി അവിടെ റബ്ബർ വയ്ക്കാതിരിക്കാൻ വല്ല നടപടിയും എടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസ് : നേരെമറിച്ചാണു്. ഇതു് ശരിയായി കൃഷിചെയ്യുകയാണെങ്കിൽ റബ്ബർ കൃഷി ചെയ്യുന്ന സ്ഥലത്തു് റിസ്കു് വളരെ കുറവാണെന്നാണു് പലരും പറയുന്നതു്.

നാഷണൽ മലേറിയാ ഇറാഡിക്കേഷൻ പ്രോഗ്രാമിൻെറ പ്രവർത്തനം

* 635. [22] ശ്രീ. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷനൽ മലേറിയ ഇറാഡിക്കേഷൻ പ്രോഗ്രാമിൻെറ ഊർജ്ജിത പ്രവർത്തനം ഈ വർഷാവസാനത്തോടുകൂടി നിർത്തിവയ്ക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി നടപ്പിലാക്കാനായി നിയമിച്ച സക്കാർ ജീവനക്കാരെ പിരിച്ചുവിടുമോ ;

(സി) പിരിച്ചുവിടുന്നുവെങ്കിൽ എത്രപേർക്കാണു് ജോലി നഷ്ടപ്പെടുക ;

(ഡി) പിരിയേണ്ടിവരുന്ന ജീവനക്കാർക്കു് മറെറന്തെങ്കിലും ജോലി കൊടുക്കാൻ ഗവണ്മെൻറ് ആലോചിക്കുമോ ;

(ഈ) ഈ പദ്ധതിപ്രകാരം പണിയെടുക്കുന്ന ജീവനക്കാരിൽനിന്നു എന്തെങ്കിലും നിവേദനം ഗവണ്മെൻറിലേക്കു ലഭിച്ചിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവരുന്നയിക്കുന്ന ആവശ്യങ്ങൾ എന്തു് ; അതിന്മേൽ ഗവണ്മെൻറ് എടുത്ത നടപടികൾ ഏവ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ)

(എ) സ്റ്റേറിലാകെയുള്ള പതിനാലര മലേറിയാ യൂണിറുകളിൽ പതിമൂന്നര യൂണിറുകളിലെ ഊർജ്ജിതപ്രവർത്തനം ഈ മാർച്ചു് 31-ാം തീയതിയോടുകൂടി അവസാനിക്കുന്നതാണു്.

(ബി) കഴിവുള്ളിടത്തോളം ഹെൽത്തു് സർവ്വീസസ് ഡിപ്പാർട്ടുമെൻറിൽതന്നെ ഉണ്ടാകുന്ന ഒഴിവുകളിലും മറു ഡിപ്പാർട്ടുമെൻറുകളിലുണ്ടാവുന്ന ഒഴിവുകളിലും അവരെ നിയമിക്കാനാവുമോ എന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുകയാണു്.

(സി) ഇപ്പോഴും കൃത്യമായി പറയാൻ നിവൃത്തിയില്ല.

(ഡി) ഈ കാര്യം പരിഗണനയിലിരിക്കുകയാണു്.

(ഈ) കണ്ണിജൻസി വിഭാഗത്തിൽപ്പെട്ട മലേറിയാ വർക്കേഴ്സിൽ നിന്നും പല നിവേദനങ്ങളും ഗവണ്മെൻറിനു് ലഭിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly